REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 15-03-2026** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ഗാർഹിക പാചകവാതക സിലിണ്ടറുകൾ തടസമില്ലാതെ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചതായി കേന്ദ്ര ഗവണ്മെന്റ്.
- പശ്ചിമേഷ്യൻ സംഘർഷ സാഹചര്യത്തിൽ 117 ഇന്ത്യക്കാരുമായി രണ്ടാമത്തെ വിമാനം ലെബനനിൽ നിന്നും ഡൽഹിയിലേക്ക് പുറപ്പെട്ടു.
- ആയുർവേദ പാരമ്പര്യത്തിൽ ലോകശ്രദ്ധ നേടുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- കോഴിക്കോട്ടേക്ക് നീട്ടിയ ബംഗലൂരു - കണ്ണൂർ എക്സ്പ്രസ് ട്രെയിൻ സർവീസ് ഇന്ന് ആരംഭിക്കും.
- ട്വന്റി-20 ലോകകപ്പിൽ ചരിത്ര വിജയം നേടിയ ഇന്ത്യൻ ടീമിനെ ന്യൂഡൽഹിയിൽ ഇന്ന് ആദരിക്കും.

## വാർത്തകൾ വിശദമായി

പശ്ചിമേഷ്യയിൽ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ 117 ഇന്ത്യക്കാരെയുമായി രണ്ടാമത്തെ വിമാനം ലെബനനിൽ നിന്നും ഡൽഹിയിലേക്ക് പുറപ്പെട്ടു. യാത്രക്കാരുടെ തൊഴിലുടമയാണ് വിമാനസൗകര്യമേർപ്പെ ടുത്തിയതെന്നും, ഇന്ത്യൻ പൗരന്മാരെ സഹായിക്കുന്നതിന് ബെയ്റൂട്ടിലെ ഇന്ത്യൻ എംബസി സന്നദ്ധമാണെന്നും അധികൃതർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഖത്തർ എയർവേയ്സ് ഇന്നലെ ന്യൂഡൽഹിയിലേക്കും, മുംബൈയിലേക്കും ഓരോ വിമാനസർവീസും നടത്തി. 850

ഇന്ത്യക്കാർക്ക് ഖത്തറിൽ നിന്ന് മടങ്ങാൻ സാധിച്ചെന്നും ഇന്ത്യൻ എംബസി അറിയിച്ചു. ഖത്തർ എയർവേയ്സ് ഇന്ന് ഡൽഹിയിലേക്ക് ഒരു വിമാനവും, നാളെ മൂന്ന് വിമാനങ്ങളും സർവീസ് നടത്തുമെന്ന് അറിയിച്ചിട്ടുണ്ട്. ന്യൂഡൽഹി, മുംബൈ, കൊച്ചി എന്നവിടങ്ങളിലേക്കാണ് സർവീസ് .

✪✪✪

അഫ്ഗാനിസ്ഥാനിൽ പാകിസ്ഥാൻ നടത്തിയ വ്യോമാക്രമണത്തെ ഇന്ത്യ അപലപിച്ചു. പരമാധികാര അഫ്ഗാനിസ്ഥാൻ എന്ന ആശയത്തോട് ശത്രുത പുലർത്തുന്ന പാകിസ്ഥാൻ മറ്റൊരു രാജ്യത്തേക്ക് നടത്തുന്ന കടന്നാക്രണമായാണ് ഇതിനെ കാണുന്നതെന്ന് വിദേശകാര്യമന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. അഫ്ഗാനിസ്ഥാന്റെ പരമാധികാരം പൂർണമായി സംരക്ഷിക്കപ്പെടണമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ടെഹ്റാനിലെ ഇസ്രായേൽ വ്യോമാക്രമണത്തിൽ രണ്ട് മുതിർന്ന ഇറാനിയൻ ഇന്റലിജൻസ് ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ഇറാനിലെ ഖതം അൽ-അൻബിയ അടിയന്തര കമാൻഡിലെ മുതിർന്ന ഇന്റലിജൻസ് ഉദ്യോഗസ്ഥരാണ് ഇവരെന്ന് ഇസ്രയേൽ പ്രതിരോധ സേന വ്യക്തമാക്കി.

✪✪✪

ഹോർമൂസ് കടലിടുക്ക് അന്താരാഷ്ട്ര കപ്പൽ ഗതാഗതത്തിന് ഇപ്പോഴും പ്രവർത്തനക്ഷമമാണെന്ന് ഇറാൻ വിദേശകാര്യമന്ത്രി അബ്ബാസ് അരഗാച്ചി പറഞ്ഞു. എന്നാൽ അമേരിക്കയുമായും ഇസ്രയേലുമായും ബന്ധപ്പെട്ട കപ്പലുകൾക്ക് ഹോർമൂസ് കടലിടുക്കിലൂടെ പോകാൻ അനുവാദമില്ലെന്നും അദ്ദേഹം അറിയിച്ചു. മറ്റു രാജ്യങ്ങൾക്ക് ഈ പാതയിലൂടെ സഞ്ചരിക്കാൻ സ്വാതന്ത്ര്യമുണ്ടെന്നും അമേരിക്കൻ ന്യൂസ് ചാനലിന് നൽകിയ അഭിമുഖത്തിൽ അബ്ബാസ് അരഗാച്ചി വ്യക്തമാക്കി.

✪✪✪

ഇന്ത്യയിലേക്ക് വരുന്ന വ്യാപാര കപ്പലുകളെ സഹായിക്കാൻ പേർഷ്യൻ ഗൾഫിന് സമീപം ഇന്ത്യൻ നാവികസേനയുടെ നിരവധി യുദ്ധക്കപ്പലുകൾ വിന്യസിച്ചു. LPG യുമായി പുറപ്പെട്ട രണ്ട് ഇന്ത്യൻ കപ്പലുകൾക്ക് ഇറാനിയൻ അധികൃതർ ഹോർമുസ് കടലിടുക്ക് വഴി

ഗതാഗതം അനുവദിച്ചു. കപ്പലുകൾ ഈ മാസം 21 ഓടെ എത്തിച്ചേരുമെന്നാണ് പ്രതീക്ഷ.

✪✪✪

ആയുർവേദ പാരമ്പര്യത്തിൽ ലോകശ്രദ്ധ നേടുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കിയതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കണ്ണൂർ പിണറായി പന്തക്കപൊറയിൽ നിർമ്മിച്ച ഗവ. ആയുർവേദ ആശുപത്രി കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പ്രാദേശിക ഡിസ്‌പെൻസറികളിൽ വരെ മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് ശ്രമം നടത്തിയെന്നും അലോപ്പതി ചികിത്സാരംഗത്തും സമാനമായ ഇടപെടലുകളാണ് ഉണ്ടായതെന്നും പിണറായി വിജയൻ പറഞ്ഞു.

✪✪✪

കേരളത്തിന്റെ നഗരവികസനം, കാലാവസ്ഥാ വ്യതിയാനം, വികേന്ദ്രീകൃത ഭരണം സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കൽ എന്നിവ ലക്ഷ്യമിട്ട് സഹകരണം ശക്തിപ്പെടുത്താൻ കിലയും, ബ്രസൽസിലെ ഐക്യരാഷ്ട്ര സഭ സർവ്വകലാശാലയുടെ ഗവേഷണ സ്ഥാപനം UNU-CRIS ഉം തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവെച്ചു. മന്ത്രി MB രാജേഷിന്റെ സാന്നിധ്യത്തിൽ കില ഡയറക്റ്റർ ജനറൽ A.നിസാമുദ്ദീനും UNU-CRIS ഡയറക്റ്റർ ഫിലിപ്പ് D. ലോംബേർഡുമാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് ചരിത്രമുഹൂർത്തമാണെന്ന് MB രാജേഷ് പറഞ്ഞു.

ഉദ്യോഗാർത്ഥികൾക്കും-വിദ്യാർത്ഥികൾക്കും ലോകോത്തര നിലവാരത്തിൽ പരിശീലനം ലഭ്യമാക്കാനും നൂതന ആശയങ്ങൾ രൂപപ്പെടുത്താനും സഹകരണം വഴിയൊരുക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാന ഗവൺമെന്റ് കാലാവധി പൂർത്തിയാക്കുന്ന ഈ ഘട്ടത്തിൽ 60 ശതമാനം പൊതുമരാമത്ത് റോഡും BM & BC നിലവാരത്തിൽ മാറ്റാൻ കഴിഞ്ഞതായി മന്ത്രി P.A മുഹമ്മദ് റിയാസ് പറഞ്ഞു. തൃശൂർ സുവോളജിക്കൽ പാർക്ക് റോഡിലെ പുത്തൂർ സമാന്തര പാലം ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

കണ്ണൂർ കാഞ്ഞിരോട് വീവേഴ്സിൽ പുതുതായി ആരംഭിക്കുന്ന കുട്ടികളുടെ പരിസ്ഥിതി സൗഹൃദ വസ്ത്ര നിർമ്മാണ പദ്ധതി മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു. K ഡിസ്കിന്റെ 'ഒരു ജില്ല ഒരു ആശയം' പദ്ധതിയുടെ ഭാഗമായി പരമ്പരാഗത കൈത്തറി മേഖലയെ ശക്തിപ്പെടുത്തി, ഉൽപ്പന്ന വൈവിധ്യവും പരിസ്ഥിതി സൗഹൃദ നിർമ്മാണ രീതികളും പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതി.

✪✪✪

ശബരിമലയിൽ മീനമാസ പൂജകൾ പുലർച്ചെ ആരംഭിച്ചു. പൂജകൾ പൂർത്തിയാക്കി ഈ മാസം 19 - ന് രാത്രി 10 - ന് നട അടയ്ക്കും. 10 നാൾ നീണ്ടു നിൽക്കുന്ന പൈങ്കുനിഉത്രം ഉത്സവത്തിന് ഈ മാസം 22 ന് വൈകിട്ട് അഞ്ചിനു നട വീണ്ടും തുറക്കും.

✪✪✪

കോഴിക്കോട്ടേക്ക് നീട്ടിയ ബംഗലൂരു - കണ്ണൂർ എക്സ്പ്രസ് ട്രെയിനിന്റെ സർവീസ് ഇന്ന് ആരംഭിക്കും. പുതിയ സമയക്രമം അനുസരിച്ച് രാവിലെ 10:55-ന് കണ്ണൂരിലെത്തുന്ന ട്രെയിനിന്, തലശ്ശേരി, വടകര, കൊയിലാണ്ടി സ്റ്റേഷനുകളിൽ സ്റ്റോപ്പുണ്ട്. ഉച്ചയ്ക്ക് 12:40-ന് ട്രെയിൻ കോഴിക്കോട്ട് എത്തും.

തിരികെ വൈകിട്ട് മൂന്നരയ്ക്ക് കോഴിക്കോട്ട് നിന്ന് പുറപ്പെട്ട് അഞ്ചിന് കണ്ണൂരിലെത്തും. തുടർന്ന് കണ്ണൂരിൽ നിന്നും പഴയ സമയക്രമം പാലിച്ച് ബംഗളൂരുവിലേക്ക് സർവീസ് തുടരും .

✪✪✪

ട്വന്റി-20 ലോകകപ്പിൽ ചരിത്ര വിജയം നേടിയ ഇന്ത്യൻ ടീമിനെ ന്യൂഡൽഹിയിൽ ഇന്ന് ആദരിക്കും. BCCI അവാർഡ് ദാന ചടങ്ങിലാണ് താരങ്ങളെ ആദരിക്കുക. ഇതോടൊപ്പം അടുത്തിടെ ICC ടൂർണമെന്റിൽ ജേതാക്കളായ നാല് ഇന്ത്യൻ ടീമുകൾക്കും സ്വീകരണം നൽകുന്നുണ്ട്.

BCCI യുടെ കഴിഞ്ഞ വർഷത്തെ മികച്ച പുരുഷ താരം ശുഭ്മാൻ ഗില്ലും, വനിതാതാരമായ സ്മൃതി മന്ധാനയും അവാർഡുകൾ ഏറ്റുവാങ്ങും. ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം മുൻതാരങ്ങളായ രാഹുൽ ദ്രാവിഡിനും, റോജർ ബിന്നിയ്ക്കും മുൻ ഇന്ത്യൻ വനിതാ ക്യാപ്റ്റൻ മിതാലി രാജിനും സമ്മാനിക്കും.

✪✪✪

**ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ച മലയാളി താരം സഞ്ജു സാംസണിന് കേരള ക്രിക്കറ്റ് അസോസിയേഷൻ നാളെ തിരുവനന്തപുരത്ത് സ്നേഹാദരം നൽകും. മംഗലപുരത്ത് KCA പുതുതായി നിർമ്മിച്ച ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ ഉദ്ഘാടന വേദിയിലാണ് താരത്തെ ആദരിക്കുന്നത്. നാളെ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ പുതിയ സ്റ്റേഡിയം നാടിന് സമർപ്പിക്കും.**

**✪✪✪**

**കൊൽക്കത്തയിൽ ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ മത്സരം ഓരോ ഗോൾ നേടി സമനിലയിൽ പിരിഞ്ഞു. ബംഗലൂരുവിൽ ബംഗലൂരു - മോഹൻ ബഗാൻ മത്സരം ഗോൾ രഹിത സമനിലയിലായി.**

**ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ഗോഹട്ടിയിൽ വൈകീട്ട് അഞ്ചിന് നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ജംഷഡ്പൂരിനെ നേരിടും. ഇന്റർ കാശി - മുംബൈ സിറ്റി മത്സരം വൈകീട്ട് ഏഴരയ്ക്ക് ലക്നൗവിലാണ്.**

**✪✪✪**

**ഹൈദരാബാദിൽ FIH വനിതാ ലോക ഹോക്കി യോഗ്യതാ മത്സരത്തിൽ ഇംഗ്ലണ്ട്, ഇന്ത്യയെ പരാജയപ്പെടുത്തി. എതിരില്ലാത്ത രണ്ടു ഗോളിനാണ് ഇംഗ്ലണ്ടിന്റെ ജയം.**

**നെതർലാൻഡ്സും ബെൽജിയവും സംയുക്തമായി ആതിഥേയത്വം വഹിക്കുന്ന ലോകകപ്പ് മത്സരങ്ങൾ ഓഗസ്റ്റ് 14 മുതൽ 30 വരെയാണ്.**

**✪✪✪**

**ഈ മാസം 28 മുതൽ ഏപ്രിൽ 11 വരെ സംഘടിപ്പിക്കുന്ന ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിന് മുന്നോടിയായി ഇന്ത്യയുടെ പുരുഷ-വനിതാ ടീമുകൾ പരിശീലനത്തിനായി മംഗോളിയയിലെത്തി. പ്രമുഖ താരങ്ങളുൾപ്പെടെ ആദ്യസംഘമാണ് മംഗോളിയയിലെത്തിയത്. രണ്ടാം സംഘം ഇന്ന് പുറപ്പെടും.**

**✪✪✪**

**കോഴിക്കോട് ഗവ ആർട്സ് ആൻഡ് സയൻസ് കോളേജിൽ കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് അനുമതി നൽകി. കേരള ക്രിക്കറ്റ് അസോസിയേഷന്റെ ധനസഹായത്തോടെയാണ് അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കുക. ക്രിക്കറ്റ്, ഫുട്ബോൾ ഗ്രൗണ്ടുകൾ, പവലിയൻ, ഇൻഡോർ സ്റ്റേഡിയം,**

നെറ്റുകൾ, സ്പോർട്സ് ഹോസ്റ്റൽ, ബഫർ ഏരിയ എന്നിവയാണ് നിർമിക്കുന്നത്. മന്ത്രി P.A മുഹമ്മദ് റിയാസും, മന്ത്രി ഡോ. R ബിന്ദുവും അഹമ്മദ് ദേവർകോവിൽ MLA യും നടത്തിയ ചർച്ചയിലാണ് തീരുമാനമെടുത്തത്.

✪✪✪

കണ്ണൂർ മൈതാനപ്പള്ളി ശ്മശാനം മുതൽ ആദികടലായി അഴിമുഖം വരെ കടൽഭിത്തി ശക്തിപ്പെടുത്തി ഒഴുക്ക് കുറഞ്ഞ കാനാമ്പുഴയുടെ വാഹകശേഷി വർധിപ്പിക്കാനും ഒരു കോടി രൂപയുടെ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് അംഗീകാരം നൽകി. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നൽകിയ നിർദ്ദേശം അംഗീകരിച്ചാണ് ഫണ്ട് അനുവദിച്ചത്.

✪✪✪

കുറ്റ്യാടി മണിമല നാളികേര പാർക്ക് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ഒന്നാംഘട്ടം KP കുഞ്ഞമ്മദ് കുട്ടി MLA ഉദ്ഘാടനം ചെയ്തു. BM & BC നിലവാരത്തിൽ റോഡും ചുറ്റുമതിലും ട്രാൻസ്ഫോർമറും നാളികേര പാർക്കിൽ സജ്ജമായിട്ടുണ്ട്. കുറ്റ്യാടി തേങ്ങയുടെ മൂല്യവർധിത ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ നാളികേര ഉൽപാദന മേഖലയിൽ വലിയ ഉണർവാണ് പാർക്കിലൂടെ പ്രതീക്ഷിക്കുന്നത്.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team : അബ്ദുൾ കബീർ, അനുഷ ആത്മപ്രകാശ്*
*DEO: ഷീബ*

आकाशवाणी